നം. NEP/34740/2019/DGE പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം. തീയതി : 28.09.2019

## സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - കൈറ്റ് വിക്ടേഴ്സ് ചാനൽ - പാഠപുസ്തകവുമായി ബന്ധപ്പെട്ട പരിപാടികളുടെ സംപ്രേഷണം - വിശദാംശങ്ങൾ സ്കൂൾ കുട്ടികൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു**

സൂചന:-
1. സ.ഉ.(സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.18.
2. സ. ഉ(സാധാ) നം. 361/2018/പൊ.വി.വ തീയതി 20.01.2018.
3. പൊതുവിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ 17.08.2019-ന് നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്
4. കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.09.2019-ലെ KITE/2019/1035-2(81) നമ്പർ കത്ത്.

വിദ്യാഭ്യാസ പരിപാടികൾ മാത്രം സംപ്രേഷണം ചെയ്യുന്ന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ചാനലായ കൈറ്റ് വിക്ടേഴ്സ് സംപ്രേഷണം ചെയ്യുന്ന പരിപാടികൾ കൃത്യമായി ഷെഡ്യൂൾ ചെയ്ത് സ്കൂളുകളിലെ നോട്ടീസ് ബോർഡിൽ പതിക്കുന്നതിന് ക്രമീകരണം ഒരുക്കാൻ സൂചന 3 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യവും 42" എൽ.ഇ.ഡി. ടി.വിയും ലഭ്യമാക്കിയിട്ടുണ്ട്. ഉപകരണങ്ങളുടേയും സൗകര്യങ്ങളുടേയും ഉപയോഗം ഉറപ്പുവരുത്തുമെന്ന് സൂചന 1 പ്രകാരം സ്കൂൾ അധികൃതർ ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. സൂചന 2 പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിൽ 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേകം തയാറാക്കിയ പരിപാടികൾ സ്കൂൾ പ്രവർത്തന സമയങ്ങളിലും വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നു. എന്നാൽ സ്കൂൾ സമയത്തുള്ള പ്രസ്തുത പരിപാടികൾ കുട്ടികൾക്ക് കാണുന്നതിന് ചില സ്കൂളുകൾ മാത്രമാണ് നിലവിൽ ക്രമീകരണം ഒരുക്കിയിട്ടുള്ളത്. വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്ന പരിപാടികൾ സ്കൂൾ പ്രവർത്തനങ്ങളേയും അധ്യയനത്തേയും ബാധിക്കാത്ത വിധത്തിൽ വിദ്യാർത്ഥികൾക്ക് പരമാവധി പ്രയോജനപ്പെടുന്നവിധം ലഭ്യമാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. പ്രാദേശിക ടി.വി. ചാനൽ കേബിൾ ശൃംഖല മുഖേനയും www.victers.kite.kerala.gov.in ലും കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ ലഭ്യമാണ്. ഏതെങ്കിലും സ്കൂളിലോ വീടുകളിലോ വിക്ടേഴ്സ് ലഭിക്കുന്നില്ലെങ്കിൽ കേബിൾ ടി.വി. ഓപ്പറേറ്ററുമായി ബന്ധപ്പെടേണ്ടതാണ്.

2. കൈറ്റ് വിക്ടേഴ്സിലൂടെ ഓരോ മാസവും സംപ്രേഷണം ചെയ്യുന്ന പാഠഭാഗവുമായി ബന്ധപ്പെട്ട പരിപാടികളുടെ ഷെഡ്യൂൾ സ്കൂളുകളിൽ കൈറ്റിന്റെ ജില്ലാ സംവിധാനം മുഖേന ലഭ്യമാക്കുന്നതാണ്. പ്രസ്തുത ഷെഡ്യൂൾ പ്രിന്റെടുത്ത് സ്കൂൾ നോട്ടീസ് ബോർഡിൽ പതിക്കുന്നതിന് അതത് സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാർ ക്രമീകരണം ഒരുക്കേണ്ടതാണ്. ഇത് സ്കൂൾ പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

3. കൈറ്റ് വിക്ടേഴ്സിൽ നിന്ന് ഓരോ മാസവും കൈറ്റിന്റെ ജില്ലാ കോ-ഓർഡിനേറ്റർ മാർക്ക് ലഭ്യമാക്കുന്ന പരിപാടികളുടെ സമയവിവര പട്ടികയുടെ സോഫ്റ്റ് കോപ്പി മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർ, മാസ്റ്റർ ട്രെയിനർ എന്നിവർ മുഖേന സ്കൂളുകൾക്ക് നൽകേണ്ടതും സ്കൂളുകൾ അത് നോട്ടീസ് ബോർഡിൽ പതിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കേണ്ടതുമാണ്.

4. ഓരോ സ്കൂളിന്റെ നോട്ടീസ് ബോർഡിലും പ്രോഗ്രാം ഷെഡ്യൂൾ പതിപ്പിക്കുന്നതിന് ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാർ നിർദേശം നൽകേണ്ടതും സ്കൂൾ സന്ദർശന സമയത്ത് അത് പരിശോധിക്കേണ്ടതുമാണ്.

5. സ്കൂൾ പ്രവൃത്തി സമയങ്ങളിൽ അധ്യാപകരില്ലാത്ത ക്ലാസുകൾ, ഫ്രീ ടൈം തുടങ്ങിയ സമയങ്ങളിൽ ഉൾപ്പെടെ വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്ന പരിപാടികൾ വിദ്യാർത്ഥികൾക്ക് വീക്ഷിക്കുന്നതിന് സ്കൂൾ അധികൃതർ ക്രമീകരണം ഒരുക്കേണ്ടതാണ്.

6. 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റുകൾ പ്രവർത്തിക്കുന്ന സ്കൂളുകളിൽ കൈറ്റ് മാസ്റ്റേഴ്സ്/ മിസ്ട്രസ്സിന്റേയും അംഗങ്ങളുടേയും പങ്കാളിത്തത്തോടെ ടി പ്രവർത്തനം നടപ്പിലാക്കേണ്ടതും ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തന റിപ്പോർട്ടിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്.

7. വിദ്യാർത്ഥികൾ കാണുന്ന ഓരോ പരിപാടിയെക്കുറിച്ചുമുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും victers@kite.kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലേയ്ക്ക് അയയ്ക്കുന്നതിന് വിദ്യാർത്ഥികൾക്കും സൗകര്യമൊരുക്കേണ്ടതാണ്.

8. കൈറ്റ് വിക്ടേഴ്സ് ചാനൽ ഇപ്പോൾ മൊബൈൽ ഫോണിലും ലഭിക്കും. അതിനാൽ വിദ്യാഭ്യാസ പരിപാടികൾ വീട്ടിൽവെച്ചും കാണാവുന്നതാണ്. പരിപാടികളെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിന് സ്കൂളിൽ നടത്തുന്ന പി.ടി.എ., മദർ പി.ടി.എ. തുടങ്ങിയ യോഗങ്ങളിൽ ഉൾപ്പെടെ വിശദാംശങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

9. വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന വിദ്യാഭ്യാസ പരിപാടികൾ സ്കൂളുകളിൽ ലഭ്യമാക്കുന്നതിനും തുടർപ്രവർത്തനങ്ങൾക്കും കൈറ്റ് ക്രമീകരണം ഒരുക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
എല്ലാ ആർ.ഡി.ഡി (ഹയർസെക്കന്ററി), എ.ഡി (വൊക്കേഷണൽ ഹയർസെക്കന്ററി), ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ മാർക്കും
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർക്കും
സ്റ്റോക് ഫയൽ